**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1838** **08-10-2021 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri.V. Abdurahiman** (കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിൽ സ്കൂളുകൾ, ക്ലബ്ബുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കളിസ്ഥലങ്ങൾ നവീകരിക്കാൻ തുക വകയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വിദ്യാലയങ്ങൾക്കും പഞ്ചായത്തുകൾക്കും ആകെ 1 കോടി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയവയുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിലുൾപ്പെട്ട സെന്റ് കോർമേലിയസ് എച്ച്.എസ്.എസ്. കോളയാടിന് കായിക യുവജനകാര്യാലയം ഡയറക്ടറുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ മട്ടന്നൂർ മണ്ഡലത്തിൽ നടന്നു വരുന്ന/വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. കിഫ്ബി പദ്ധതികൾ 1) മട്ടന്നൂർ സ്റ്റേഡിയം കോളയാട് പഞ്ചായത്തിൽ സെവൻസ് സിന്തറ്റിക് ഫുട്ബോൾ ടർഫും, ഗ്യാലറി സമുച്ചയവും നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും 4.12 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ ഗ്യാലറി സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സിന്തറ്റിക് ഫുട്ബോൾ ടർഫിന്റെ പ്രവൃത്തികൾ നടന്നു വരികയാണ്. 2) മട്ടന്നൂർ സ്വിമ്മിംഗ്പൂൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മട്ടന്നൂരിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇരിട്ടി താലൂക്കിൽ പഴശ്ശി വില്ലേജിൽപ്പെട്ട ജലസേചന വകുപ്പിന്റെ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം കായിക വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി മട്ടന്നൂർ ഉൾപ്പെടെ 5 |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ ഫിറ്റ്നസ് സെൻറർ സ്ഥാപിക്കുന്നതിനാവശ്യമായ ഇൻറീരിയർ പ്രവൃത്തികൾക്കായി 2.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മട്ടന്നൂർ നഗരസഭയുടെ കീഴിലുള്ള സ്റ്റേഡിയം കോംപ്ലക്സിന്റെ 3-ാം നിലയിൽ ഫിറ്റ്നസ് സെൻറർ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലത്ത് ട്രഷറിയുടെ പ്രവർത്തനം നടക്കുന്നതിനാൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ തെരൂർ സ്റ്റേഡിയത്തിൽ നെറ്റ് സ്ഥാപിക്കൽ പ്രവൃത്തിക്കായി 3,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | ഉണ്ട്. വിദ്യാലയങ്ങൾക്കും പഞ്ചായത്തുകൾക്കും ആകെ 1 കോടി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയവയുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിലുൾപ്പെട്ട സെന്റ് കോർമേലിയസ് എച്ച്.എസ്.എസ്. കോളയാടിന് കായിക യുവജനകാര്യാലയം ഡയറക്ടറുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ മട്ടന്നൂർ മണ്ഡലത്തിൽ നടന്നു വരുന്ന/വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. കിഫ്ബി പദ്ധതികൾ 1) മട്ടന്നൂർ സ്റ്റേഡിയം കോളയാട് പഞ്ചായത്തിൽ സെവൻസ് സിന്തറ്റിക് ഫുട്ബോൾ ടർഫും, ഗ്യാലറി സമുച്ചയവും നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും 4.12 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ ഗ്യാലറി സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സിന്തറ്റിക് ഫുട്ബോൾ ടർഫിന്റെ പ്രവൃത്തികൾ നടന്നു വരികയാണ്. 2) മട്ടന്നൂർ സ്വിമ്മിംഗ്പൂൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മട്ടന്നൂരിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇരിട്ടി താലൂക്കിൽ പഴശ്ശി വില്ലേജിൽപ്പെട്ട ജലസേചന വകുപ്പിന്റെ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം കായിക വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി മട്ടന്നൂർ ഉൾപ്പെടെ 5 |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ ഫിറ്റ്നസ് സെൻറർ സ്ഥാപിക്കുന്നതിനാവശ്യമായ ഇൻറീരിയർ പ്രവൃത്തികൾക്കായി 2.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മട്ടന്നൂർ നഗരസഭയുടെ കീഴിലുള്ള സ്റ്റേഡിയം കോംപ്ലക്സിന്റെ 3-ാം നിലയിൽ ഫിറ്റ്നസ് സെൻറർ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലത്ത് ട്രഷറിയുടെ പ്രവർത്തനം നടക്കുന്നതിനാൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ തെരൂർ സ്റ്റേഡിയത്തിൽ നെറ്റ് സ്ഥാപിക്കൽ പ്രവൃത്തിക്കായി 3,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| | **പഞ്ചായത്ത്** | |
| 1 | മാലൂർ ഗ്രാമപഞ്ചായത്ത് | 15,00,000/- |
| 2 | കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | 15,00,000/- |
| 3 | തില്ലങ്കരി ഗ്രാമപഞ്ചായത്ത് | 15,00,000/- |
| | **വിദ്യാലയങ്ങൾ** | |
| 1 | കുടാളി എച്ച്.എസ്.എസ്.കണ്ണൂർ | 15,00,000/- |
| 2 | മാലൂർ ജി.എച്ച്.എസ്.എസ്.കണ്ണൂർ | 15,00,000/- |
| 3 | ജി.എച്ച്.എസ്.എസ് മമ്പറം, ആയിത്തറ, മമ്പറം, കണ്ണൂർ | 10,00,000/- |
| 4 | സെന്റ് കോർമേലിയസ് എച്ച്.എസ്.എസ്.കോളയാട്, കണ്ണൂർ | 15,00,000/- |
| 5 | പടിയൂർ ജി.എച്ച്.എസ്.എസ്.കണ്ണൂർ | 15,00,000/- |
| 6 | ജി.എച്ച്.എസ്.എസ്.ചിറ്റാരിപറമ്പ്, കണ്ണൂർ | 15,00,000/- |
| | ആകെ | 1,30,00,000/- |

S.O

<u>**അനുബന്ധം-I**</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| | **പഞ്ചായത്ത്** | |
| 1 | മാലൂർ ഗ്രാമപഞ്ചായത്ത് | 15,00,000/- |
| 2 | കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | 15,00,000/- |
| 3 | തില്ലങ്കരി ഗ്രാമപഞ്ചായത്ത് | 15,00,000/- |
| | **വിദ്യാലയങ്ങൾ** | |
| 1 | കുടാളി എച്ച്.എസ്.എസ്.കണ്ണൂർ | 15,00,000/- |
| 2 | മാലൂർ ജി.എച്ച്.എസ്.എസ്.കണ്ണൂർ | 15,00,000/- |
| 3 | ജി.എച്ച്.എസ്.എസ് മമ്പറം, ആയിത്തറ, മമ്പറം, കണ്ണൂർ | 10,00,000/- |
| 4 | സെന്റ് കോർമേലിയസ് എച്ച്.എസ്.എസ്.കോളയാട്, കണ്ണൂർ | 15,00,000/- |
| 5 | പടിയൂർ ജി.എച്ച്.എസ്.എസ്.കണ്ണൂർ | 15,00,000/- |
| 6 | ജി.എച്ച്.എസ്.എസ്.ചിറ്റാരിപറമ്പ്, കണ്ണൂർ | 15,00,000/- |
| | ആകെ | 1,30,00,000/- |

S.O